21341
24/11/19

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 ഉജ്ജീവന വായ്പാ പദ്ധതി- പത്തനംതിട്ട / ഇടുക്കി ജില്ലകളിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

**സ.ഉ.(സാ.ധാ) നം.3434/2019 /റവ** **തിരുവനന്തപുരം,തീയതി, 21.11.2019**

---

പരാമർശം- 1. സ.ഉ.(കൈ) നം. 27/2018/ദു.നി.വ.തീയതി 17/12/2018

2. സ.ഉ.(കൈ) നം. 4/2019/ദു.നി.വ. തീയതി 22/02/2019

3. വിജയ ബാങ്ക് (ബാങ്ക് ഓഫ് ബറോഡ ),തൊടുപുഴ , ഇന്ത്യൻ ഓവർസീസ് ബാങ്ക്,അയിരൂർ ,പത്തനംതിട്ട ,മൂന്നാർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,ഇടുക്കി,കേരള ഗ്രാമീൺ ബാങ്ക് ,ഇടുക്കി, കേരള ഗ്രാമീൺ ബാങ്ക് ,പത്തനംതിട്ട,എന്നീ ബാങ്കുകൾ സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷകൾ .

**ഉത്തരവ്**

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/ പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻ മണി/താങ്ങ് പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി' യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ ,ഇടുക്കി/പത്തനംതിട്ട, ജില്ലകളിലെ കർഷകർക്ക്/സംരഭകർക്ക്അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി, വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഇടുക്കി / പത്തനംതിട്ട എന്നീ ജില്ലകളിലെ താഴെപറയുന്ന 14 കർഷകർക്ക് / സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

## പത്തനംതിട്ട ജില്ല

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ. നം. | കർഷകന്റെ /സംരംഭകന്റെ/ സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ശുപാർശ ചെയ്ത വകുപ്പിന്റെ വിശദവിവരങ്ങൾ | ടേംലോൺ '/ പ്രവർത്തന മൂല ധനം അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ '/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/താങ്ങ് പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങ് പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്,ബ്രാഞ്ച് /IFSC /അക്കൗണ്ട് നമ്പർ. |
| 1 | ജോൺ കോശി | ജനറൽ മാനേജർ ജില്ലാ ഇൻഡസ്ട്രീസ് സെന്റർ പത്തനംതിട്ട 42/ 2019 തീയതി 11/.03/ 2019 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, അയിരൂർ ,പത്തനംതിട്ട , | 90,000/- | 22,500/- | 080901133010 10 IFSC IOBA000080[illegible] |
| 2 | മഞ്ജു തോമസ് എം എസ് എം ഇ യൂണിറ്റ് ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 26/.02/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 7,00,000/- | 1,75,000/- | |
| 3 | ജേക്കബ് കുട്ടി .വൈ എം എസ് എം ഇ യൂണിറ്റ് ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 26/.02/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 1,00,000/- | 25,000/- | |
| 4 | ജെയിംസ് എ .എം എം എസ് എം ഇ യൂണിറ്റ് ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 12/.03/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 4,00,000/- | 1,00,000/- | |
| 5 | കുര്യാക്കോസ് കെ എ | ജനറൽ മാനേജർ ഡിസ്ട്രിക്ട് | കേരള ഗ്രാമീൺ | 1,00,000/- | 25,000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 23/.03/ 2019 | ബാങ്ക്,റാന്നി | | | |
| 6 | സിബിച്ചൻ തോമസ് | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 11/.03/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 1,00,000/- | 25,000/- | |
| 7 | സന്ധ്യാമോൾ ജെ എസ് ( ഓർ ണമെന്റൽ ബേർഡ് ) | വെറ്ററനറി സർജൻ ഐരാവൺ നം . 51/ 2019 തീയതി 14/ 03/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 70,000/- | 17,500/- | |
| 8 | മുരളീധരൻ ജി (തോം പിൽ എന്റർപ്രൈസസ്) | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 11/ 03/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 10,00,000/- | 2,00,000/- | |
| 9 | രാജേഷ് മോഹൻ എം എസ് എം ഇ യൂണിറ്റ് ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട 42/ 2019 തീയതി 22/ 03/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 1,00,000/- | 25,000/- | |
| 10 | രാജഗോപാലൻ.റ്റി (അഞ്ജു സ്റ്റോഴ്സ് ) | ജനറൽ മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ ,പത്തനംതിട്ട B/ 42/ 2019 തീയതി 15/ 05/ 2019 | കേരള ഗ്രാമീൺ ബാങ്ക്,റാന്നി | 2,00,000/- | 50,000/- | |
| | | ആകെ | | 28,60,000 | 6,65,000/- | |

# ഇടുക്കി ജില്ല

| ക്രമ. നം. | കർഷകന്റെ /സംരംഭകന്റെ/ സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ശുപാർശ ചെയ്ത വകുപ്പിന്റെ വിശദവിവരങ്ങൾ | ടേംലോൺ'/ പ്രവർത്തന മൂല ധനം അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ'/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/ താങ്ങ് പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങ് പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്,ബ്രാഞ്ച് /IFSC /അക്കൗണ്ട് നമ്പർ. |
|---|---|---|---|---|---|---|
| 1 | രാജേഷ് എസ് (കാശി ഇലെക്ട്രിക്കൽസ് ) | തൊടുപുഴ, താലൂക് വ്യവസായ ഓഫീസ് ,ഉപജില്ലാ വ്യവസായ ഓഫീസറുടെ ബി / 28 / 2016 തീയതി 22 /.03/ 019 | വിജയ ബാങ്ക് (ബാങ്ക് ഓഫ് ബറോഡ ), തൊടുപുഴ , | 3,00,000 /- | 75000 /- | 207706211000005 IFSC VIJB0002077 |
| 2 | വരദമ്മാൾ | ദേവികുളം, താലൂക് വ്യവസായ ഓഫീസ് ,ഉപജില്ലാ വ്യവസായ ഓഫീസറുടെ D1/ 178/ 2019 തീയതി 14/.03/ 2019 | മൂന്നാർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,ഇടുക്കി, | 10,00,000/- | 2,00,000 /- | |
| 3 | പോൾ തോമസ് എം എസ് എം ഇ യൂണിറ്റ് ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് | പീരുമേട്, താലൂക് വ്യവസായ ഓഫീസ്, ഉപജില്ലാ വ്യവസായ ഓഫീസറുടെ P2/ 180/ 2019 തീയതി6/ 04/ 2019 | കേരള ഗ്രാമീൺ ബാങ്ക് ,ഉപ്പുതറ | 5,00,000/- | 1,25,000 /- | |

| | | | | | | |
|---|---|---|---|---|---|---|
| 4 | മോഹൻ കൃഷ്ണൻ (വി കെ മോഹനൻ ) | പീരുമേട്, താലൂക് വ്യവസായ ഓഫീസ്, ഉപജില്ലാ വ്യവസായ ഓഫീസറുടെ P1/134/2019 തീയതി 10/.04/ 2019 | കേരള ഗ്രാമീൺ ബാങ്ക് ,ഉപ്പുതറ | 5,00,000/- | 1,25,000 /- | |
| | | **ആകെ** | | **23,00,000** | **5,25,000/-** | |

2. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ **11,90,000/- രൂപ (പതിനൊന്നു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം പത്തനംതിട്ട /ഇടുക്കി , ജില്ലാ കളക്ടർമാർക്ക് യഥാക്രമം **6,65,000/-രൂപ** ( ആറു ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം ) **5,25,000/-**( അഞ്ചു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) എന്നിങ്ങനെ നൽകുന്നതാണ്.

3. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ബന്ധപ്പെട്ട ബാങ്കിന് ജില്ലാ കളക്ടർ ക്രഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്.ഗുണഭോക്താവിന് ഇതിനകം ഉജ്ജീവന വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതും ടി യിനത്തിൽ ഗുണഭോകതാവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത . എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി / പത്തനംതിട്ട
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ ഇടുക്കി / പത്തനംതിട്ട ( ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള തിരുവനന്തപുരം
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി ,തിരുവനന്തപുരം
കൺവീനർ . ജില്ലാതല ബാങ്കേഴ്സ് സമിതി .ഇടുക്കി / പത്തനംതിട്ട
മാനേജർ ,വിജയ ബാങ്ക് (ബാങ്ക് ഓഫ് ബറോഡ ),തൊട്ടുപുഴ
ചീഫ് മാനേജർ .ഇന്ത്യൻ ഓവർസീസ് ബാങ്ക്,അയിരൂർ ,ചെറുകോൽ പുഴ ബ്രാഞ്ച് .പത്തനംതിട്ട

സെക്രട്ടറി , മൂന്നാർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,മൂന്നാർ പി ഓ , ഇടുക്കി , കേരള -685612

മാനേജർ,കേരള ഗ്രാമീൺ ബാങ്ക് ക്രെഡിറ്റ് വിങ് ,ഹെഡ് ഓഫീസ് ,കെ ജി ബി ടവർ ,എ കെ റോഡ് മലപ്പുറം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ